# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 734** **11.07.2016-ൽ മറുപടിക്ക്**

**ദേശീയപാത വികസനത്തിനായി ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ബി.ഡി. ദേവസ്സി**<br>**,, എം. മുകേഷ്**<br>**,, വി. കെ. സി. മമ്മത് കോയ**<br>**,,എ.എൻ.ഷംസീർ** | ശ്രീ. ജി. സുധാകരൻ<br>പൊതുമരാമത്തും രജിസ്ട്രേഷനും<br>വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തിന്റെ ദേശീയപാത വികസനത്തിനായി എത്ര ഭൂമി ഏറ്റെടുക്കേണ്ടതായി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്നും അതിൽ എത്ര സ്ഥലം ഇതുവരെയായി ഏറ്റെടുത്തിട്ടുണ്ടെന്നും അറിയിക്കാമോ; | (എ) ദേശീയപാത 47 ന്റെ (പുതിയ എൻ.എച്ച് 544) വാളയാർ മുതൽ വടക്കഞ്ചേരി കി.മീ. 182.250 മുതൽ 240.00 വരെയുള്ള ഭാഗത്തിന് 65.22 ഹെക്ടർ സ്ഥലവും, വടക്കാഞ്ചേരി മുതൽ തൃശ്ശൂർ വരെ (കി.മീ 240.0 മുതൽ 270.00) വരെയുള്ള ഭാഗത്തിന് 93.95 ഹെക്ടർ (80+13.95 ) ഡൈവർട്ടഡ് ഫോറസ്റ്റ് ലാൻഡ്) സ്ഥലവും തൃശ്ശൂർ മുതൽ അങ്കമാലി വരെയും (കി.മീ 270.00 മുതൽ 316.700) അങ്കമാലി മുതൽ ഇടപ്പള്ളി വരെയും (കി.മീ 316.700 മുതൽ 342.00 വരെ) 41.60 ഹെക്ടർ സ്ഥലവും എൻ.എച്ച്.എ.ഐ ഏറ്റെടുത്ത് വികസനം നടപ്പിലാക്കി വരുന്നു. തലപ്പാടി മുതൽ ഇടപ്പള്ളി വരെയും ചേർത്തല മുതൽ കഴക്കൂട്ടം വരെയും (പുതിയ എൻ.എച്ച് 66) 45 മീറ്ററിൽ വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിനായി പുതിയ ഡി.പി.ആർ തയ്യാറാക്കുന്ന തിനുള്ള നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിച്ചു വരുന്നു. ഡി.പി.ആർ. തയ്യാറായതിനു ശേഷം മാത്രമേ സ്ഥലമെടുപ്പിനെ സംബന്ധിച്ച പൂർണ്ണ വിവരം ലഭ്യമാകൂ. |
| (ബി) ദേശീയ പാത വികസനം ബി.ഒ.ടി വ്യവസ്ഥയിൽ നടപ്പാക്കാനാണോ ദേശീയപാത അതോറിറ്റി തീരുമാനിച്ചിരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (ബി) എൻ.എച്ച്. 47 ലെ കഴക്കൂട്ടം മുതൽ കേരള - തമിഴ് നാട് അതിർത്തി വരെയുള്ള ബൈപ്പാസിന്റെ നിർമ്മാണം ബി.ഒ.ടി വ്യവസ്ഥയിൽ നടപ്പിലാക്കുവാൻ കൺസഷണയറെ ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ എഞ്ചിനീയറിംഗ് |

പ്രൊക്യൂർമെന്റ് കൺസ്ട്രക്ഷൻ (ഇ.പി.സി) വ്യവസ്ഥയിലാണ് എൻ.എച്ച്.എ.ഐ മുഖാന്തിരം നടപ്പാക്കി വരുന്നത്. ഈ വ്യവസ്ഥയിൽ പദ്ധതി നടപ്പിലാക്കുമ്പോൾ പദ്ധതിയുടെ നിർമ്മാണത്തിനാവശ്യമായ തുക കേന്ദ്ര മന്ത്രാലയം വഹിക്കുകയും അത് റോഡ് ഉപഭോക്താക്കളിൽ നിന്ന് യൂസർ ഫീ വഴി വസൂലാക്കുന്നതുമായിരിക്കും. മറ്റു ഭാഗങ്ങളിലെ വ്യവസ്ഥയെ സംബന്ധിച്ച് തീരുമാനം ആയിട്ടില്ല.

(സി) പെട്രോളിയം ഉൽപ്പന്നങ്ങളുടെ മേൽ കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള സെസ്സിൽ സംസ്ഥാനത്തെ ദേശീയപാത വികസനത്തിനും നികുതി പരിപാലനത്തിനുമായി എത്ര തുക നീക്കിവച്ചിട്ടുണ്ട്;

(സി) സംസ്ഥാനങ്ങളിൽ നിന്നും പിരിക്കുന്ന പെട്രോളിന്റെ 100% സെസ്സിന്റേയും ഹൈസ്പീഡ് ഡീസൽ ഓയിലിന്റെ 50% സെസ്സിന്റേയും ആകെ തുക സി.ആർ.എഫ്. ആക്ട് 2000 പ്രകാരം താഴെ പറയുന്ന രീതിയിൽ ആണ് സംസ്ഥാനങ്ങൾക്ക് അനുവദിക്കുന്നത്.

സെസ്സിന്റെ ആകെ തുകയുടെ 57.5% ദേശീയപാതകളുടെ വികസനത്തിനും 12.5% റെയിൽവേ മേൽപ്പാലങ്ങളുടേയും അടിപ്പാതകളുടേയും വികസനത്തിനും 27% ദേശീയപാത ഒഴികെയുള്ള മറ്റ് സംസ്ഥാന റോഡുകളുടെ വികസനത്തിനും 3% അന്തർ സംസ്ഥാന പാതകൾക്കും സാമ്പത്തിക പ്രാധാന്യമുള്ള പാതകൾക്കുമായി വികസനത്തിനാണ് കേന്ദ്ര സർക്കാർ നൽകുന്നത്.

(ഡി) ഈ ഫണ്ടിൽ നിന്ന് അന്തർ സംസ്ഥാന പാതകളുടേയും, സാമ്പത്തിക പ്രാധാന്യമുള്ള പാതകളുടേയും വികസനത്തിനായി എത്ര തുക ലഭിച്ചെന്നും അവ ഏതാവശ്യത്തിനായി വിനിയോഗിച്ചെന്നും അറിയിക്കാമോ ?

(ഡി) അന്തർ സംസ്ഥാന പാതകൾക്കായി 2001-2016 മാർച്ച് വരെ സംസ്ഥാനത്തിന് 40.12 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അത് അന്തർ സംസ്ഥാന പാതകളുടെ വികസനത്തിന് വിനിയോഗിച്ചിട്ടുണ്ട്. സാമ്പത്തിക പ്രാധാന്യമുള്ള പാതകളുടെ വികസനത്തിന് ഇതുവരെ ഫണ്ട് ഒന്നും ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ